മി. സ്പീക്കർ : മറുപടി പറഞ്ഞു, താൽപ്പര്യമെടുത്ത് ചെയ്യും.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഇന്ന് തൃത്താലയിലെ എം.എൽ.എ. എന്റെ ശ്രദ്ധയിൽപ്പെടുത്തി. ഞാൻ അതനുസരിച്ച് ചീഫ് എഞ്ചിനീയറുമായി ഡിസ്ക്കസ് ചെയ്ത് ഇതിനു പരിഹാരം കാണാൻ ഇരിക്കുകയാണ്.

മി. സ്പീക്കർ : ഡിസ്ക്കഷനു വച്ചിരിക്കുകയാണ്, ചർച്ചയുമായിട്ടുണ്ട്. അങ്ങ് പറഞ്ഞ കാര്യവുമായി ബന്ധപ്പെട്ട് ഇടപെടുകയും, ഞാനും അദ്ദേഹവുമായി പോയിട്ട്, അടിയന്തിര പ്രമേയത്തിന്റെ ആ സന്ദർഭത്തിൽതന്നെ ഇറങ്ങിപ്പോകേണ്ടിവന്നു. ഇവിടെ ഗാലറിയിലും അതിനുശേഷം പത്രസുഹൃത്തുക്കളുമായിട്ടുണ്ടായ ഒരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടു എന്നുമാത്രമല്ല, ഞങ്ങൾ അടിയന്തിരപ്രമേയാനുമതി ചർച്ചാവേളയിൽതന്നെ പോയിട്ട് അവരെ വിളിച്ച്, സമയമില്ലാതിരുന്നിട്ടുപോലും സംസാരിച്ചു. വളരെ ഗൗരവത്തോടുകൂടിതന്നെ ഈ പ്രശ്നം കൈകൊണ്ടും ചെയ്യുമെന്ന് സഭയെ അറിയിക്കുകയാണ്. സഭയുടെ കാര്യമായതുകൊണ്ട് ഇവിടെ ചർച്ച വേണ്ട. സഭയുടെ കാര്യമായതുകൊണ്ടാണ് ഞാൻ പറയുന്നത്. ശ്രീ. കെ.എം. മാണി എഴുതി തന്നിട്ടുണ്ട്, അത് ഞാൻ പറഞ്ഞു. സഭയുടെ കാര്യമായതുകൊണ്ട് വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യും. എഴുതി തന്നതുമാത്രമല്ല, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. ആര്യാടൻ മുഹമ്മദ് തുടങ്ങിയവരൊക്കെ എന്റെ കൂടെ അവിടെ ഇറങ്ങിവന്ന് രംഗം ശാന്തമാക്കാനൊക്കെ പരമാവധി ശ്രമിച്ചു. പ്ലീസ് ..... പ്ലീസ്.....

VI സബ്മിഷൻ

(1) മലയോര മേഖലയിൽ സംസ്ഥാന സർക്കാർ നൽകിയ പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഇടുക്കി ജില്ലയിലെ മലയോര മേഖലയിൽ നൽകിയിട്ടുള്ള പട്ടയം ബാങ്കുകൾ ഈടായി സ്വീകരിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങളാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. സർ, മലയോര കർഷകരുടെ ചിരകാല സ്വപ്നമായ പട്ടയം നൽകുന്നതിന് ഈ ഗവൺമെന്റ് പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുകയുണ്ടായി. കോടതി ഇടപെടൽമൂലം തടസ്സപ്പെട്ടിരുന്ന പട്ടയം തടസ്സംനീക്കി കൃഷിക്കാരുടെ കയ്യിൽ എത്തിച്ചത് ഈ ഗവൺമെന്റിന്റെ പ്രവർത്തനഫലമായിട്ടാണ്. തന്റെ കൈവശമുള്ള ഒരു തുണ്ട് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുക എന്നത് കുടിയേറ്റ കർഷകരുടെ എക്കാലത്തെയും സ്വപ്നമായിരുന്നു. കാർഷിക ആവശ്യങ്ങൾക്കും ഭവന നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടി ധനകാര്യസ്ഥാപനങ്ങളിൽനിന്ന് പണം കടമെടുക്കാൻ ഈടായി നൽകുന്നതിനാണ് പട്ടയം പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇപ്പോൾ നൽകിയിട്ടുള്ള പട്ടയത്തിൽ സുപ്രീംകോടതിയുടെ വിധിക്ക് വിധേയമായി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ധനകാര്യസ്ഥാപനങ്ങൾ ഈ പട്ടയം ഈടായി സ്വീകരിക്കുന്നില്ല. ജനങ്ങളുടെ ഹൃദയവികാരങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ജനകീയ താൽപ്പര്യങ്ങളും മനസ്സിലാക്കി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ള സഹകരണ മേഖലയിലെ കാർഷിക വികസന ബാങ്കുകൾ ഈ പട്ടയം ഈടായി സ്വീകരിക്കുന്നില്ല എന്നുള്ളത് വളരെ ദുഃഖകരമാണ്. ഞാൻ ഈ പ്രശ്നം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടേയും സഹകരണ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി ഈ പ്രശ്നം ഇടുക്കി ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ജില്ലയിലെ ലീഡ് ബാങ്കായ യൂണിയൻ ബാങ്ക് അധികൃതരോട് ആ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നിട്ടും ഇതുവരെ നടപടികളൊന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കട്ടപ്പനയിൽ വന്നപ്പോൾ ഞാൻ ഈ പ്രശ്നം ഉന്നയിക്കുകയും പരിഹരിക്കാമെന്ന് പറയുകയും ചെയ്തിട്ടുള്ളതാണ്. ഈ 9-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിൽപ്പെട്ട മുരുക്കാശ്ശേരിയിൽ വീണ്ടും പട്ടയം നൽകുന്നതിനായി വരുന്നുണ്ട്. ആ സമയത്തെങ്കിലും ഈ പ്രശ്നം അവസാനിപ്പിക്കാൻ സർക്കാർ ഉത്തരവുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, 1-1-1977-ന് മുൻപുള്ള വനഭൂമി കൈവശം ക്രമീകരിക്കുന്നതിന് 19-3-1993-ൽ പ്രത്യേകം തയ്യാറാക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ആണ് പട്ടയം നൽകിവരുന്നത്. ആ ചട്ടപ്രകാരം 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച് അർഹതപ്പെട്ട കൈവശക്കാർക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. പട്ടയം കിട്ടിയ വനഭൂമി സർക്കാർ, സഹകരണ സ്ഥാപനങ്ങൾ, ടീ ബോർഡ്, കോഫീ ബോർഡ്, റബ്ബർ ബോർഡ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പണയപ്പെടുത്തി കൃഷിയും ഭൂമി മെച്ചപ്പെടുത്തുന്നതിനും ഏതെങ്കിലും സർക്കാർ പദ്ധതിയിൽപ്പെടുത്തി വീട് നിർമ്മിക്കുന്നതിനും വീട് പുതുക്കി നിർമ്മിക്കുന്നതിനും ബിസിനസ് വികസിപ്പിക്കുന്നതിനും വേണ്ടി വായ്പ എടുക്കാവുന്നതാണ്. മേൽ ചട്ടപ്രകാരം പൊതുമേഖലാ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ, കേന്ദ്ര സഹകരണ ബാങ്കുകൾ, സർക്കാർ അധീനതയിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയെ വായ്പ നൽകുന്ന സ്ഥാപനങ്ങളായി അംഗീകരിച്ചിട്ടുണ്ട്. ആ വിവരം ബന്ധപ്പെട്ട അധികൃതരെ മുഴുവൻ അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം നിർബന്ധമായി ലോൺ കൊടുത്തുകൊള്ളണമെന്ന് നിർബന്ധിക്കാൻ ഗവൺമെന്റിന് കഴിയുകയില്ല. പക്ഷേ, ഈ സ്ഥാപനങ്ങൾക്കൊക്കെ അപേക്ഷിക്കാവുന്നതാണെന്നും, കൊടുക്കേണ്ടതാണെന്നും ഞങ്ങൾ അറിയിച്ചിട്ടുണ്ട്.

(2) മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക

ശ്രീ. ആന്റണി രാജു : സർ, സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക അടിയന്തിരമായി കൊടുത്തു തീർക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. അന്ന് 75 രൂപയായിരുന്നു പെൻഷൻ, ഇപ്പോൾ അത് 120 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ പതിനാറ് മാസത്തെ കുടിശ്ശികയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അൻപത്തിയെട്ടു മാസങ്ങളിൽ അൻപത്തിയഞ്ചു മാസത്തെയും

LIBRARY ARCHIVES Kerala Legislative Assembly